File No. 31/A2/2016/Envt

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1998** **16.02.2016-ന് മറുപടിക്ക്**

# ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

.....

| | |
|---|---|
| (എ) ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ജൈവവൈവിധ്യ വികസനവും സംരക്ഷണവും സംബന്ധിച്ച് ടി കമ്മിറ്റികൾ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ; | (ബി) ജൈവവൈവിധ്യ സംരക്ഷണ പ്രാധാന്യം മനസ്സിലാക്കി പ്രാദേശിക ജൈവവൈവിധ്യത്തെ രേഖപ്പെടുത്തുക എന്ന പ്രധാന ചുമതല ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (ബി.എം.സി.കൾ) നടത്തിവരുന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്തെ 805 ബി.എം.സി.കളിൽ ജനകീയ പങ്കാളിത്തത്തോടെ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ) തയ്യാറാക്കിയിട്ടുണ്ട്. 100-ന് മുകളിൽ, ബി.എം.സി. കളിൽ പി.ബി.ആർ. തയ്യാറാക്കൽ പദ്ധതി പുരോഗമിക്കുകയാണ്. |
| (സി) ഇതിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാം ? | (സി) സംസ്ഥാനത്തെ 77% (805 എണ്ണം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവിടുത്തെ ബി.എം.സി. കളുടെ നേതൃത്വത്തിൽ പ്രാദേശിക ജൈവവൈവിധ്യം രേഖപ്പെടുത്തി രജിസ്റ്ററാക്കി (പി.ബി.ആർ) സൂക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ എല്ലാ ബി.എം.സി.കളും പി.ബി.ആർ. തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**